ഓം നമഃ ശിവായ

## തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ലേല പരസ്യം

# 1192 എം.ഇ ആലുവ മഹാദേവക്ഷേത്രം

# ശിവരാത്രി മഹോത്സവം

## വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നും പരസ്യം ചെയ്യുന്നത്.

2017 ഫെബ്രുവരി മാസം 24 -തിയതി നടക്കുന്ന ചരിത്രപ്രസിദ്ധമായ ആലുവ മഹാശിവരാത്രി മഹോത്സവത്തോടനുബന്ധിച്ച് ദേവസ്വം വക സ്ഥലത്ത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡി.ബി.പി.122/2012 ഉത്തരവ് പ്രകാരം ബലിത്തറകളും, സ്റ്റാളുകളും ലേലം ചെയ്തു നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതാകുന്നു. കൂടാതെ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള അവകാശവും ലേലംചെയ്തു നൽകുന്നതാണ്.

ആലുവ ദേവസ്വം വക മണപ്പുറത്ത് റൂഫോടുകൂടിയ 31 സ്റ്റാളുകളിൽ 23-2-2017 മുതൽ 22-3-2017 വരെ കച്ചവടം നടത്തുന്നതിനുള്ള അവകാശവും, ടി തിയതികളിൽ ,ചെടികൾ, ചെടിച്ചട്ടികൾ, ഐസ്ക്രീം, കപ്പലണ്ടി തുടങ്ങിയവ വിൽക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള രണ്ട് പ്ലോട്ടുകളും, ശിവരാത്രിയ്ക്ക് ശേഷം 27-2-2017 മുതൽ 22-3-2017 വരെ സ്റ്റാളുകൾ കെട്ടി കച്ചവടം നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള 10 പ്ലോട്ടുകളും, 16-2-2017 രാവിലെ 9 മണിമുതൽ ലേലം ചെയ്തു നൽകുന്നതാണ്.

ദേവസ്വം കാര്യാലയത്തിന് മുൻപിൽ എൻട്രൻസിൽ 16 അടി ഉയരത്തിൽ ഗതാഗതത്തിന് തടസ്സം ഉണ്ടാക്കാതെ മുകളിൽ **"തിരുവിതാംകൂർ ദേവസ്വം ബോർഡ് ആലുവ മഹാദേവർ ദേവസ്വം ശിവരാത്രി 2017"** എന്ന് എഴുതിയും തൂണുകളിൽ നാലുവശത്തും ലേലം കൊള്ളുന്നവരുടെ സ്ഥാപനത്തിന്റെ പരസ്യം പ്രദർശിപ്പിയ്ക്കാവുന്നതാണ്. കൂടാതെ പുതിയ പാലത്തിന്റെ മുൻവശത്തും, ദേവസ്വം ആഫീസ് പാരപ്പറ്റിന്റെ മുൻവശത്തും മേൽ വിവരിച്ച പ്രകാരം **"ആലുവ ശിവരാത്രി 2017 തിരുവിതാംകൂർ ദേവസ്വം ബോർഡ്"** എന്നും തൂണുകളിൽ അവരവരുടെ സ്ഥാപനങ്ങളുടെ പരസ്യങ്ങളുംപ്രദർശിപ്പിയ്ക്കാവുന്നതാണ്. മേൽ പ്രകാരം ആർച്ചുകൾ സ്ഥാപിയ്ക്കുന്നതിന് ഓരോന്നിനും മിനിമം 25000/- രൂപ നിശ്ചയിച്ച് ക്വട്ടേഷൻ സ്വീകരിക്കുന്നതാകുന്നു. ദേവസ്വം ക്ഷേത്രത്തിലേക്കുള്ള ഇലക്ട്രിക് പോസ്റ്റുകളിൽ ഉദ്ദേശം 60 എണ്ണം ക്ഷേത്രത്തിലേക്കുള്ള നാല് പാതകളും വിട്ട് ഭക്തജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധം 3" X 2" അടി വലിപ്പത്തിൽ ബോർഡുകൾ സ്ഥാപിയ്ക്കുന്നതിന് 2500/- രൂപ മിനിമം നിശ്ചയിച്ച് ക്വട്ടേഷൻ സ്വീകരിയ്ക്കുന്നതായിരിക്കും. പിൽഗ്രീം സെന്ററിന്റെ തെക്ക് ഭാഗത്ത് 50,000/- രൂപയ്ക്കും, പടിഞ്ഞാറു ഭാഗത്ത് 25,000/- രൂപയ്ക്കും, കിഴക്കും വടക്കും ഭാഗത്ത് 10,000/- രൂപയ്ക്കും മിനിമം തുക നിശ്ചയിച്ച് ക്ഷേത്രാചാരങ്ങൾക്ക് അനുസരിച്ചുള്ള നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷൻ സ്വീകരിയ്ക്കുന്നതായിരിക്കും.

ആർച്ച് കെട്ടിയും, ഇലക്ട്രിക് പോസ്റ്റുകളിലും, പിൽഗ്രീം ഷെൽട്ടറിൽ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിലും പരസ്യബോർഡുകൾ 23-2-2017 മുതൽ 22-3-2017 വരെ സ്ഥാപിക്കുന്നതിനുള്ള അവകാശം 16-2-2017 ൽ ഉച്ചയ്ക്ക് 3 മണി മുതൽ ലേലം ചെയ്തു കൊടുക്കുന്നതാണ്.

ആലുവ ദേവസ്വം വക മണപ്പുറത്ത് ഡിപ്പാർട്ട്മെന്റിൽ നിന്നും കെട്ടി തയ്യാറാക്കിയ ബലിമണ്ഡപങ്ങളായ ജംഗിൾ പാർക്കിന് സമീപം 30 ബലിത്തറകളിലും പുതിയപാലത്തിന് രണ്ടുവശങ്ങളിലായി 165 ബലിത്തറകളിലും (പ്ലാനിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന പ്രകാരം) ബലികർമ്മങ്ങൾ നടത്തുന്നതിന് യോഗ്യരായ പുരോഹിതന്മാരിൽ നിന്നും 14-2-2017 മുതൽ അപേക്ഷ ക്ഷണിച്ച്, തുടർന്ന് 17-2-2107 രാവിലെ 9 മണി മുതൽ മേൽ വിവരിച്ചിട്ടുള്ള 205 ബലിമണ്ഡപങ്ങൾ യോഗ്യരായ പുരോഹിതന്മാർക്ക് ലേലം ചെയ്തു നൽകുന്നതും ആയിരിയ്ക്കും.

വൈക്കം
9-2-2017

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
വൈക്കം

ഓം നമഃ ശിവായ

തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ലേലം സംബന്ധിച്ചുള്ള നിബന്ധനകൾ ചുവടെ വിവരിയ്ക്കുന്നു

1. ലേലത്തിലും, ക്വട്ടേഷനിലും പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ലേലത്തിന് മുൻപ് ബലിത്തറകൾക്കായി 3000 രൂപയും, കടകൾക്കായി 10,000/- രൂപയും നിരതദ്രവ്യം ഹാജരാക്കേണ്ടതാണ്. എല്ലാ ലേലങ്ങൾക്കും ക്വട്ടേഷൻ ഹാജരാക്കണം. ലേലത്തുകയോ, ക്വട്ടേഷൻ തുകയോ ഏതാണ് കൂടുതൽ ആയത് സ്വീകരിയ്ക്കുന്നതായിരിയ്ക്കും. ഒരേ നിരതദ്രവ്യത്തിന്റെ അടിസ്ഥാനത്തിൽ പല ലേലങ്ങൾ വിളിയ്ക്കുവാനുള്ള അവകാശം ഉണ്ടായിരിയ്ക്കുന്നതാണ്.

2. ഓരോ പ്ലോട്ടിന്റെയും ലേലം വിളി കഴിഞ്ഞ് അതാത് പ്ലോട്ടുകളിലേയ്ക്കുള്ള കൂടിയ തുകയ്ക്ക് ലേലം ഉറപ്പിയ്ക്കുന്നതായിരിയ്ക്കും

3. ലേലം ഉറപ്പിച്ചുകഴിഞ്ഞാൽ ലേലത്തുക മുഴുവനും ഉടൻതന്നെ ലേലക്കാരൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനെ ഏല്പിച്ച് രസീത് വാങ്ങേണ്ടതും, എഗ്രിമെന്റിൽ ഒപ്പിടേണ്ടതും ആണ്.

4. ലേലം സംബന്ധിച്ച് സർക്കാരിലോ മറ്റ് ഏതെങ്കിലും തരത്തിലോ നികുതി അടയ്ക്കേണ്ടതായി വന്നാൽ അത് ലേലക്കാരൻ അടയ്ക്കേണ്ടതാണ്.

5. ലേലം പിടിയ്ക്കുന്ന ആൾ ബലിത്തറയുടെയോ, കടയുടെയോ അല്ലാത്ത പരസ്യം ഒന്നും തന്നെ പ്രദർശിപ്പിയ്ക്കുവാൻ പാടില്ല.

6. ബലിത്തറകളിലും, കടകളിലും പ്ലാസ്റ്റിക് സാധനങ്ങൾ ഉപയോഗിയ്ക്കുന്നതും, വിൽക്കുന്നതും നിരോധിച്ചിരിയ്ക്കുന്നു. ബലിത്തറകളിൽ ബലികർമ്മങ്ങൾ ചെയ്യുന്നതിന് വാഴയില മാത്രമേ ഉപയോഗിക്കാൻ പാടുള്ളു.

7. ബലിത്തറകളിലും, കടകളിലും നിന്നും ഉണ്ടാകുന്ന ചപ്പുചവറുകളും മറ്റു മാലിന്യങ്ങളും സ്വന്തം ചെലവിൽ അതാത് ദിവസം തന്നെ സ്ഥലത്തു നിന്നും നീക്കം ചെയ്യണം. ക്ഷേത്രവും, പരിസരവും മലിനമാക്കാൻ പാടില്ല.

8. ബലിത്തറകളും, കടകളും 23-2-2017 മുതൽ മാത്രമേ ആരംഭിക്കുവാൻ പാടുള്ളു. ടി സ്ഥലങ്ങൾ ലേലം പിടിയ്ക്കുന്ന വ്യക്തി നിശ്ചിത അളവിൽ കൂടുതൽ സ്ഥലത്ത് ബലിത്തറകളോ കടകളോ കെട്ടുവാനോ, പടുതയോ, മറ്റ് ഷീറ്റുകളോ ഉപയോഗിച്ച് കടയുടെ വിസ്തൃതി വർദ്ധിപ്പിക്കുവാനോ പാടില്ല.27-2-2017 മുതൽ കച്ചവടത്തിന് ലേലം ചെയ്തു നൽകുന്ന സ്റ്റാളുകൾ 26-2-2017 ൽ മാത്രമേ കെട്ടുവാൻ തുടങ്ങാവു. 27-2-2017 ൽ മാത്രമേ കച്ചവടം ആരംഭിക്കുവാൻ പാടുള്ളു.

9. ബലിത്തറകളിലും, കടകളിലും മദ്യമോ, മയക്കുമരുന്നോ, പുകയില ഉല്പന്നങ്ങളോ, മത്സ്യമാംസാദികളോ വിൽക്കുകയോ, ഉപയോഗിക്കുകയോ മറ്റ് നിയമവിരുദ്ധമായ കാര്യങ്ങൾ ചെയ്യുകയോ പാടില്ലാത്തതാണ്.

10. കടകൾ നടത്തുന്നവർ ഭക്തജനങ്ങളോട് മാന്യമായി പെരുമാറേണ്ടതും, ന്യായമായ നിരക്കിൽ സാധനങ്ങൾ വിൽക്കേണ്ടതും ആണ്.

11. ബലിത്തറയിൽ ഡിപ്പാർട്ട്മെന്റ് നിശ്ചയിച്ചിട്ടുള്ള ദക്ഷിണ കർമ്മികൾ വാങ്ങേണ്ടതും, ഭക്തജനങ്ങളോട് മാന്യമായി പെരുമാറേണ്ടതും ആണ്.

12. കടകളിലേക്കും, ബലിത്തറകളിലേക്കും ആവശ്യമുള്ള വൈദ്യുതി, വെള്ളം എന്നിവ ലേലക്കാരൻ സ്വന്തം ചെലവിൽ ഏർപ്പാട് ചെയ്തുകൊള്ളണം.

13. ലേലം ഉറപ്പിയ്ക്കുന്നതിനും, നിരാകരിയ്ക്കുന്നതിനും ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിയ്ക്കും. ഡിപ്പാർട്ട്മെന്റിൽ നിലവിലുള്ള എല്ലാ ലേല വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്.

14. കോടതിയോ, സർക്കാരോ പാപ്പർ ആയി പ്രഖ്യാപിച്ചിട്ടുള്ള ആളുകൾ ലേലത്തിൽ പങ്കെടുക്കാൻ പാടില്ല.

15. ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ കാർഡും, സ്വയം സാക്ഷ്യപ്പെടുത്തിയ ഫോട്ടോകോപ്പിയും ഹാജരാക്കണം.

16. ലേലം വിളി കേൾക്കുന്നവർ സ്റ്റാളുകൾ ആരംഭിയ്ക്കുന്നതിനുമുൻപായി ലേല നിബന്ധന അനുസരിച്ചുള്ള കരാറിൽ ഒപ്പുവയ്ക്കേണ്ടതാണ്.

17. ലേലക്കാരൻ താതൊരു കാരണവശാലും ബലിത്തറകളോ, കടകളോ കീഴ് വാടകയ്ക്കോ മറിച്ചുകൊടുക്കുവാനോ പാടില്ല.

18. ബലിത്തറകളിലും, കടകളിലും സഹകർമ്മികൾ, മാനേജർ, തൊഴിലാളികൾ മുതലായ അന്യ ആളുകളെ ലേലക്കാരൻ നിയോഗിക്കുന്ന പക്ഷം അവരുടെ പൂർണ്ണമായ പേരും, വിലാസവും, തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ഫോട്ടോകോപ്പിയും ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസറെ രേഖാമൂലം ഏല്പിക്കണം.

19. ചെടികൾ, ചെടിച്ചട്ടികൾ ഐസ്ക്രീം, കപ്പലണ്ടി തുടങ്ങിയവ വിൽക്കുന്നതിന് ലേലം ചെയ്തു നൽകിയിട്ടുള്ള സ്ഥലങ്ങളിൽ മാത്രമേ ആയത് വിൽക്കാൻ പാടുള്ളു. ഭക്തജനങ്ങൾക്ക് അസൗകര്യമായി നടന്നുകൊണ്ടുള്ള കച്ചവടം അനുവദിയ്ക്കുന്നതല്ല.

20. ലേലം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്, പറവൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, ആലുവ മഹാദേവർ ക്ഷേത്രം അഡ്മിനിസ്ട്രേറ്റീവ് ആഫീസ്, ആലുവ അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസ് എന്നിവിടങ്ങളിൽ നിന്നും ആഫീസ് സമയങ്ങളിൽ അറിയാവുന്നതാണ്.

വൈക്കം
9-2-2017

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
വൈക്കം